# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:03.02.2025**

### പ്രധാനവാർത്തകൾ

1) കുംഭമേളയിലെ ദുരന്തത്തെ ചൊല്ലി പാർലമെന്റിന്റെ ഇരുസഭകളിലും പ്രതിപക്ഷ ബഹളം. രാജ്യസഭയിൽ വാക്കൗട്ട്.
2) 30 സ്മാർട്ട് അങ്കണവാടികളുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്തു നിർവഹിക്കും.
3) മാലിന്യമുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കാനുള്ള അവസാന ഘട്ടത്തിലാണ് സംസ്ഥാനമെന്ന് മന്ത്രി എം.ബി.രാജേഷ്.
4) പട്ടികവർഗ യുവജന സമ്പർക്ക പരിപാടിക്ക് ഇന്ന് തിരുവനന്തപുരത്ത് തുടക്കം.
5) ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണം ഇന്ന് അവസാനിക്കും.
6) ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് നോർത്ത് ഈസ്റ്റ് യുണൈറ്റഡ് ഒഡിഷയെ നേരിടും.

RNU TVPM

**************************************************************

## പാർലമെന്റ് -നന്ദിപ്രമേയ ചർച്ച

പാർലമെന്റിന്റെ ഇരുസഭകളിലും പ്രതിപക്ഷ ബഹളം. രാവിലെ സഭാ നടപടികൾ ആരംഭിച്ചപ്പോൾ തന്നെ കുംഭമേളയിലെ ദുരന്തത്തെ ചൊല്ലി ഇരുസഭകളും പ്രക്ഷുബ്ധമായിരുന്നു. രാജ്യസഭയിൽ പ്രതിപക്ഷം വാക്കൗട്ട് നടത്തിയെങ്കിലും നടപടികൾ പുരോഗമിക്കുകയാണ്. അതേസമയം, കേന്ദ്ര സഹമന്ത്രിമാരായ സുരേഷ്ഗോപി , ജോർജ് കുര്യൻ എന്നിവരുടെ വിവാദ പരാമർശത്തിനെതിരായി കേരളത്തിൽ നിന്നുള്ള എം.പിമാർ പാർലമെന്റിന് മുന്നിൽ പ്രതിഷേധം നടത്തി. ജനുവരി 31 ന് ആരംഭിച്ച പാർലമെന്റിന്റെ ബജറ്റ് സമ്മേളനം ഏപ്രിൽ 4 വരെ തുടരും.

RNU TVPM

************************************************************

## അങ്കണവാടി-മുഖ്യമന്ത്രി

പ്രവർത്തനസജ്ജമായ 30 സ്മാർട്ട് അങ്കണവാടികളുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്തു നിർവഹിക്കും. ഇതോടെ 117 സ്മാർട്ട് അങ്കണവാടികൾ സംസ്ഥാനത്ത് യാഥാർത്ഥ്യമാകും.

************************************************************

## ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പ്

ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണം ഇന്ന് അവസാനിക്കും. മുതിർന്ന ബിജെപി നേതാവും കേന്ദ്ര ആഭ്യന്തര മന്ത്രിയുമായ അമിത് ഷാ ഇന്ന് വിവിധ മണ്ഡലങ്ങളിൽ പൊതുയോഗങ്ങളെ അഭിസംബോധന ചെയ്യും. ആം ആദ്മി പാർട്ടി ദേശീയ കൺവീനർ അരവിന്ദ് കെജ്രിവാൾ ഇന്ന് പൊതുയോഗവും റോഡ് ഷോയും നടത്തും.

മുതിർന്ന കോൺഗ്രസ് എം.പി പ്രിയങ്ക ഗാന്ധി കസ്തൂർബ നഗർ പ്രദേശത്ത് റോഡ് ഷോയിൽ പങ്കെടുക്കും. 70 അംഗ നിയമസഭയിലേയ്ക്ക് മറ്റെന്നാളാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ ഈമാസം എട്ടിന് നടക്കും.

*************************************************************

## എക്സിറ്റ് പോൾ

ഡൽഹി നിയമസഭ തിരഞ്ഞെടുപ്പ്, ഉത്തർപ്രദേശ്, തമിഴ്നാട് ഉപതിരഞ്ഞെടുപ്പുകൾ തുടങ്ങിയവയിൽ എക്സിറ്റ് പോൾ വിലക്കി തിരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ടെടുപ്പ് ദിവസം രാവിലെ 7 മുതൽ വൈകിട്ട് 6.30 വരെയാണ് വിലക്ക് ഏർപ്പെടുത്തിയിരിക്കുന്നത്. ദൃശ്യ- ശ്രവ്യ മാധ്യമങ്ങൾ, വാർത്താ ഏജൻസികൾ എന്നിവയ്ക്ക് ഇത് സംബന്ധിച്ചുള്ള വിജ്ഞാപനം കമ്മീഷൻ പുറപ്പെടുവിച്ചു. ഡൽഹി നിയമസഭ തിരഞ്ഞെടുപ്പിനൊപ്പം ഉത്തർപ്രദേശിലും തമിഴ്നാട്ടിലും ഓരോ നിയമസഭ സീറ്റുകളിലേക്കാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്. മറ്റെന്നാൾ വോട്ടെടുപ്പും ശനിയാഴ്ച വോട്ടെണ്ണലും നടക്കും.

RNU TVPM

*************************************************************

## എം.ബി.രാജേഷ് (ഇൻട്രോ)

ബ്രഹ്മപുരം മാലിന്യ പ്ലാന്റിലുണ്ടായ ആപത്ത് സംസ്ഥാനത്തെ മാലിന്യമുക്തമാക്കാനുള്ള അവസരമായി സർക്കാർ മാറ്റിയെന്ന് മന്ത്രി എം.ബി.രാജേഷ്. ഇതിന് തുടർച്ചയായി മാലിന്യമുക്ത നവകേരളം എന്ന ലക്ഷ്യത്തിലേയ്ക്കുള്ള സമഗ്ര കർമ പദ്ധതി സർക്കാർ രൂപീകരിച്ചു. മാലിന്യമുക്ത കേരളം എന്ന ലക്ഷ്യത്തിന്റെ അവസാന ഘട്ടത്തിലാണ് സംസ്ഥാനമെന്നും അദ്ദേഹം പറഞ്ഞു. ബ്രഹ്മപുരം ബയോമൈനിങ് പ്ലാന്റ് സന്ദർശിച്ചശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി.

(ബൈറ്റ്)

************************************************************

## റോഷി അഗസ്റ്റിൻ

പെരുന്തുരുത്ത് കരി പാടശേഖരത്തിന്റെ വികസന പദ്ധതിയുടെ ഉദ്ഘാടനം, മന്ത്രി റോഷി അഗസ്റ്റിൻ ഇന്ന് നിർവഹിക്കും. നബാർഡിന്റെ സാമ്പത്തിക സഹായത്തോടുകൂടി ഇറിഗേഷൻ വകുപ്പ് കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി 6.25 കോടി രൂപ ഇതിനായി അനുവദിച്ചിട്ടുണ്ട്.

************************************************************

## പട്ടികവർഗ യുവജന സമ്പർക്ക പരിപാടി

നെഹ്റു യുവകേന്ദ്രയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന പട്ടികവർഗ യുവജന സമ്പർക്ക പരിപാടിക്ക് ഇന്ന് തിരുവനന്തപുരത്ത് തുടക്കം. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള പട്ടികവർഗ വിഭാഗത്തിൽപ്പെട്ട 200 ലധികം യുവാക്കൾ പരിപാടിയിൽ പങ്കെടുക്കും. ഔദ്യോഗിക ഉദ്ഘാടനം നാളെ മന്ത്രി കെ.രാജൻ നിർവ്വഹിക്കും.

RNUTVPM

************************************************************

## അശ്വിനി വൈഷ്ണവ്

ദക്ഷിണ മേഖല റെയിൽവേയ്ക്ക് 2025 ലെ കേന്ദ്ര ബജറ്റിൽ അനുവദിച്ച വിഹിതത്തെ സംബന്ധിച്ചും പദ്ധതികളെ സംബന്ധിച്ചും കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് ഇന്ന് വിശദീകരിക്കും. ദക്ഷിണ മേഖല റെയിൽവേയിലെ ഉന്നത ഉദ്യോഗസ്ഥരടക്കം യോഗത്തിൽ പങ്കെടുക്കും.

************************************************************

## വി.ഡി.സതീശൻ

പാലക്കാട് മദ്യനിർമാണശാല തുടങ്ങാൻ അനുമതി നൽകിയ സംഭവത്തിൽ എക്സൈസ് മന്ത്രി കള്ളം പറയുകയാണെന്ന് പ്രതിപക്ഷനേതാവ് വി ഡി സതീശൻ. മദ്യനയത്തിലെ മാറ്റം അറിഞ്ഞത് ഒരു സ്വകാര്യ കമ്പനി മാത്രമാണെന്നും സർക്കാർ അവരെ ക്ഷണിച്ചുകൊണ്ട് വരികയായിരുന്നു എന്നും അദ്ദേഹം ആരോപിച്ചു. പദ്ധതിക്ക് വാട്ടർ അതോറിറ്റിയുടെ വെള്ളം വേണ്ടിവരുമെന്ന് ഉറപ്പാണെന്നും പ്രതിപക്ഷനേതാവ് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

************************************************************

## ശശി തരൂർ- സമൻസ്

കോൺഗ്രസ് നേതാവും എം പിയുമായ ശശി തരൂരിനെതിരെ ഡൽഹി ഹൈക്കോടതി സമസ് അയച്ചു. ബി ജെ പി നേതാവും മുൻ കേന്ദ്ര മന്ത്രിയുമായി രാജീവ് ചന്ദ്രശേഖർ നൽകിയ മാനനഷ്ടകേസിലാണ് ഉത്തരവ്. കേസ് ഏപ്രിൽ 28 ന് വീണ്ടും പരിഗണിക്കും. 2024 ലോക്സഭാ തിരഞ്ഞെടുപ്പിൽ രാജീവ് ചന്ദ്രശേഖർ വോട്ടർമാർക്ക് പണം വാഗ്ദാനം ചെയ്യെന്നായിരുന്നു ശശി തരൂരിന്റെ ആരോപണം. ഇതിനെതിരെയാണ് രാജീവ് ചന്ദ്രശേഖർ കോടതിയെ സമീപിച്ചത്.

RNI TVPM

************************************************************

## കലാ രാജു

സി പി എമ്മിലേക്ക് ഇനി തിരികെയില്ലെന്ന് വ്യക്തമാക്കി കൂത്താട്ടുകുളം നഗരസഭ കൗൺസിലർ കലാ രാജു. കൗൺസിലർ സ്ഥാനം രാജിവയ്ക്കില്ലെന്നും, നിലപാടിൽ ഉറച്ചു നിൽക്കുമെന്നും അവർ പറഞ്ഞു. അതെ സമയം കൂത്താട്ടുകുളം നഗരസഭാ കൗൺസിൽ യോഗത്തിൽ ഇന്ന് ബഹളവും അംഗങ്ങളുടെ

വാക്പോരും നടന്നു. യു ഡി എഫിനൊപ്പം നിൽക്കുമെന്ന് കലാ രാജു അറിയിച്ചു.

*************************************************************

## ജി.ആർ.അനിൽ

പാലക്കാട് ജില്ലയിലെ മണ്ണൂർ, നെന്മാറയിൽ പുതുതായി ആരംഭിക്കുന്ന മണ്ണൂർ, നെന്മാറ ഓട്ടോറിക്ഷ ഫെയർ മീറ്റർ മുദ്ര വെയ്പ്പ് കേന്ദ്രങ്ങളുടെ ഉദ്ഘാടനം ഇന്ന് മന്ത്രി ജി.ആർ അനിൽ നിർവഹിക്കും. ജില്ലയിലെ ഓട്ടോറിക്ഷാ തൊഴിലാളി കളുടെ ദീർഘകാലമായുള്ള ആവശ്യം അംഗീകരിച്ചാണ് പുതിയതായി ക്യാമ്പ് ഓഫീസുകൾ തുടങ്ങുന്നത്.

*************************************************************

## ദേശീയ ഗെയിംസ്

RNU TVPM

38-ാമത് ദേശീയ ഗെയിംസിൽ ഇന്ന് നീന്തൽ, ഷൂട്ടിംഗ് എന്നിവയുടെ മത്സരങ്ങൾ പുരോഗമിക്കുന്നു. 17 സ്വർണവുമായി സർവീസസ് ഒന്നാം സ്ഥാനത്ത് തുടരുന്നു. 15 സ്വർണവുമായി കർണാടക രണ്ടാം സ്ഥാനത്തും 13 സ്വർണവുമായി മഹാരാഷ്ട്ര മൂന്നാം സ്ഥാനത്തുമാണ്. 6 സ്വർണവും മൂന്ന് വെള്ളിയും നാലു വെങ്കലവും നേടി കേരളം പത്താമതാണ്.

*************************************************************

## ഐഎസ്എൽ

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് നോർത്ത് ഈസ്റ്റ് യുണൈറ്റഡ് ഒഡിഷയെ നേരിടും. ഇന്നലെ നടന്ന മത്സരത്തിൽ ജംഷഡ്പൂർ ഫുട്ബോൾ ക്ലബ് ഗോവയെ 3-1 ന് പരാജയപ്പെടുത്തി. ഈ വിജയത്തോടെ പോയിന്റ് പട്ടികയിൽ

ഗോവയെ പിന്തള്ളി ജംഷഡ്പൂർ എഫ്സി രണ്ടാംസ്ഥാനത്തേക്ക് എത്തി.

*************************************************************

## കണ്ണൂർ - സ്പോർട്സ് മീറ്റ്

നെഹ്റു യുവ കേന്ദ്രയുടെയും മേരാ യുവ ഭാരതിൻ്റെയും നേതൃത്വത്തിൽ മുഴപ്പിലങ്ങാട് നടന്ന കണ്ണൂർ ജില്ലാതല സ്പോർട്സ് മീറ്റിൽ കണ്ണൂർ ബ്ലോക്കിലെ യുവൻസ് ചാൽ ജേതാക്കളായി. കല്യാശ്ശേരി ബ്ലോക്കിലെ ഇട്ടമ്മൽ ക്ലബ്ബിനാണ് രണ്ടാം സ്ഥാനം.

*************************************************************

## ഗ്രാമി അവാർഡ്

67-ാമത് ഗ്രാമി അവാർഡുകളിൽ പുരസ്കാര നേട്ടവുമായി ഇന്ത്യൻ-അമേരിക്കൻ ഗായികയും സംരംഭകയുമായ ചന്ദ്രിക ടണ്ടൻ. മികച്ച ന്യൂ ഏജ്, ആംബിയൻ്റ് വിഭാഗത്തിൽ **'ത്രിവേണി'** എന്ന ആൽബത്തിനാണ് പുരസ്കാരം. മികച്ച കൺട്രി ആൽബത്തിനുള്ള പുരസ്കാരം ബിയോൺസെയുടെ കൗബോയ് കാർട്ടറിന് ലഭിച്ചു.

11 നോമിനേഷനുകളാണ് ഇത്തവണ ബിയോൺസെയ് നേടിയത്. ഇതോടെ ഗ്രാമി ചരിത്രത്തിൽ ഏറ്റവും കൂടുതൽ തവണ നാമനിർദേശം ചെയ്യപ്പെട്ട കലാകാരിയായി അവർ മാറി. ബില്ലി എലിഷ്, ടെയ്ലർ സ്വിഫ്റ്റ്, മൈലി സൈറസ്, ഒലിവിയ റോഡ്രിഗോ, തുടങ്ങിയ പ്രമുഖരും പുരസ്കാര നിശയിൽ പങ്കെടുത്തു.

*************************************************************

RNUTVPM

## ഓഹരി -സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ ഇടിവ്. ബോംബെ ഓഹരി സൂചിക സെൻസെക്സ് 504 പോയിന്റ് ഇടിഞ്ഞ് 77,001 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 191 പോയിന്റ് നഷ്ടത്തിൽ 23,290 ലും വ്യാപാരം തുടരുന്നു.
സ്വർണ്ണവില കുറഞ്ഞു. പവന് 320 രൂപ കുറഞ്ഞ് 61,640 രൂപയും ഗ്രാമിന് 7,705 രൂപയുമാണ് ഇന്നത്തെ വില.

************************************************************

## മുകേഷ് എം.എൽ.എ-വനിതാ കമ്മീഷൻ

ലൈംഗികമായി പീഡിപ്പിച്ചെന്നും സ്ത്രീത്വത്തെ അപമാനിച്ചെന്നുമുള്ള നടിയുടെ പരാതിയിൽ മുകേഷ്, എം.എൽ എ സ്ഥാനം നിയമപരമായി രാജി വെക്കേണ്ടതില്ലെന്ന് വനിതാ കമ്മീഷൻ അധ്യക്ഷ പി.സതീദേവി. ധാർമികമായി രാജിവെക്കണോ എന്ന് മുകേഷിന് തീരുമാനിക്കാമെന്നും അവർ കണ്ണൂർ തളിപ്പറമ്പിൽ മാധ്യമപ്രവർത്തകരുടെ ചോദ്യത്തിന് മറുപടിയായി പറഞ്ഞു. രണ്ട് വർഷത്തിൽ കൂടുതൽ ശിക്ഷിച്ചാലേ ജനപ്രതിനിധി രാജിവെക്കേണ്ടതുള്ളൂ എന്നും പി.സതീദേവി പറഞ്ഞു.

RNU TVPM

************************************************************

## എസ്.സി-മഹാകുംഭമേള

മഹാകുംഭമേളയിൽ ഭക്തരുടെ സുരക്ഷ ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ടുള്ള പൊതുതാൽപര്യ ഹർജി സുപ്രീം കോടതി ഇന്ന് പരിഗണിക്കും. കഴിഞ്ഞ ബുധനാഴ്ച, തിക്കിലും തിരക്കിലും 30 ഓളം പേർ മരിക്കുകയും അറുപതിലേറെ പേർക്ക് പരിക്കേൽക്കും ചെയ്തിരുന്നു. ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന അടങ്ങിയ ബെഞ്ചാണ് വാദം കേൾക്കുക.

************************************************************

## പോലീസ് ഉദ്യോഗസ്ഥനെ കൊന്നു

കോട്ടയത്ത് ഏറ്റുമാനൂരിൽ പോലീസ് ഉദ്യോഗസ്ഥനെ ചവിട്ടിക്കൊന്നു. കോട്ടയം വെസ്റ്റ് പോലീസ് സ്റ്റേഷനിലെ ഡ്രൈവർ ശ്യാം പ്രസാദ് ആണ് ആക്രമണത്തിൽ കൊല്ലപ്പെട്ടത്. ഒരു ബാറിന് മുമ്പിലുണ്ടായ തർക്കത്തെ തുടർന്നുള്ള സംഘർഷത്തിൽ പോലീസ് ഉദ്യോഗസ്ഥനെ ആക്രമിക്കുകയായിരുന്നു. നെഞ്ചിന് ഗുരുതരമായി പരിക്കേറ്റ ഉദ്യോഗസ്ഥനെ സമീപത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചുവെങ്കിലും പുലർച്ചെയോടെ മരിച്ചു. സംഭവത്തിൽ കോട്ടയം പാറമ്പുഴ സ്വദേശി ജിബിനെ പോലീസ് കസ്റ്റഡിയിലെടുത്തു.

*****************************************************************

## കോട്ടയം - വൈദ്യുതി മുടക്കം

കോട്ടയത്ത് വൈക്കം താലൂക്ക് ആശുപത്രിയിൽ ശനിയാഴ്ച രണ്ടു ഘട്ടങ്ങളിലായി ഉണ്ടായ വൈദ്യുതി മുടക്കം അപ്രതീക്ഷിതമായി ഉണ്ടായ സാങ്കേതിക തകരാർ അടിയന്തരമായി പരിഹരിക്കാൻ വേണ്ടി ആയിരുന്നുവെന്ന് ആശുപത്രി സൂപ്രണ്ട് പറഞ്ഞു.

*************************************************************************************

****************************************

RNJ TVPM